I/48310/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

## വിജ്ഞാപനം

**എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ടം, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ്-**
**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ സൗകര്യം ആരംഭിച്ചു.**

2023–ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ടം, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടികൾ 23.08.2023 ന് ആരംഭിച്ചു. ഈ അലോട്ട്മെന്റ് സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ്/സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ച്ചർ കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന ഘട്ട അലോട്ട്മെന്റായിരിക്കും. ഈ ഘട്ടത്തിലെ അലോട്ട്മെന്റിന്/പ്രവേശനത്തിന് ശേഷം ഒഴിവുള്ള സീറ്റുകൾ സർക്കാർ കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, സർക്കാർ കോസ്റ്റ് ഷെയറിംഗ്/ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ അതാത് കോളേജുകളും സർക്കാർ ഉത്തരവുകളും പ്രോസ്പെക്ടസ് വ്യവസ്ഥകളും പാലിച്ച് സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതായിരിക്കും.

**എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്.**

എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് (ഉണ്ടെങ്കിൽ) എന്നിവയിലേക്ക് ആവശ്യമുള്ള പക്ഷം ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ 23.08.2023 **മുതൽ** 26.08.2023 **വൈകുന്നേരം** 4.00 **മണിവരെ** ലഭ്യമാകുന്നതാണ്. 26.08.2023 **വൈകുന്നേരം** 4.00 **മണിവരെ** ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് 03.09.2023 ന് പ്രസിദ്ധീകരിക്കുന്നതാണ്.

മുൻഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരുടെയും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരുടെയും ഓപ്ഷനുകൾ ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഈ ഘട്ടത്തിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവർക്ക് മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ടം, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്തവരുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| 23.08.2023 | എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്കും കോഴ്സുകളിലേക്കും (ഉണ്ടെങ്കിൽ) ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 26.08.2023 **(വൈകുന്നേരം 4.00 മണി വരെ)** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്കും കോഴ്സുകളിലേക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 02.09.2023 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 03.09.2023 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |

**ശ്രദ്ധയ്ക്ക്**

1. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ ഘട്ടത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.
2. ഈ അലോട്ട്മെന്റ് സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ്/സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന ഘട്ട അലോട്ട്മെന്റായിരിക്കും.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
23-08-2023

Signed by
Arun K Vijayan
Date: 23-08-2023 16:25:33

**പ്രവേശന പരീക്ഷാ കമ്മീഷണർ**